**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5916** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ബജറ്റിനു മുന്നോടിയായി സംസ്ഥാനം ഉന്നയിച്ച വിഷയങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി വിളിച്ച യോഗത്തിൽ സംസ്ഥാന സർക്കാർ മുഖ്യമായും ആവശ്യപ്പെട്ട വിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബജറ്റിനു മുന്നോടിയായി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത പ്രീ ബഡ്ജറ്റ് യോഗത്തിൽ സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയങ്ങളുടേയും ആവശ്യങ്ങളുടേയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബജറ്റിനു മുന്നോടിയായി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത പ്രീ ബഡ്ജറ്റ് യോഗത്തിൽ സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയങ്ങളും ആവശ്യങ്ങളും.

- പ്രതിസന്ധിയുടെ ഘട്ടത്തിലും നീതി ആയോഗിന്റെ മാനവ വിഭവശേഷി സൂചികകളിലും, സുസ്ഥിര വികസന ലക്ഷ്യങ്ങളിലും ദേശീയ അഭിമാനം നിലനിർത്തത്തക്ക രീതിയിൽ വിവിധ മേഖലകളിൽ സംസ്ഥാനം കൈവരിച്ച അഭിമാനകരമായ നേട്ടം കണക്കിലെടുത്തും സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന ധന ഞെരുക്കം മറികടക്കുന്നതിനും കുറഞ്ഞത് 24000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2024-25 മുതൽ 2 വർഷത്തേക്ക് ഷെഡ്യൂൾ ചെയ്ത് കേന്ദ്ര ബഡ്ജറ്റിൽ നൽകുക.
- കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ എന്ന കാരണമുയർത്തി കേന്ദ്രസർക്കാർ NHM ന്റെ കേന്ദ്ര വിഹിതവും പലിശരഹിത വായ്പയായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന മൂലധന നിക്ഷേപങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1 ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 1925 കോടി രൂപയും അനുവദിച്ചിരുന്നില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ഈ Branding/naming മാനദണ്ഡങ്ങൾ ഒഴിവാക്കിക്കൊണ്ട് മൂലധന നിക്ഷേപങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതിയിനത്തിൽ 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭ്യമാകേണ്ടുന്ന തുക അനുവദിക്കുക.
- വിഴിഞ്ഞം ഇന്റെർനാഷണൽ സീപോർട്ട് ലിമിറ്റഡിനായി 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുക.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ വരുത്തിയ മാറ്റം പുന:അവലോകനം ചെയ്യുക; ഇപ്പോൾ ലഭ്യമായികൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം 60 ശതമാനത്തിൽ നിന്നും 75% ആയി വർദ്ധിപ്പിക്കുക.
- പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത് സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ നിലപാട് ഒഴിവാക്കുക; കടമെടുപ്പ് പരിധി സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 3% ൽ നിന്ന് 3.5% ആയി ഉയർത്തുക.
- ദേശീയപാത വികസനത്തിനത്തിനുവേണ്ടിയുള്ള സ്ഥലമേറ്റലെടുക്കലിന്റെ ഭാഗമായി സംസ്ഥാനം വഹിക്കുന്ന 25% തുക അധിക വായ്പയായി എടുക്കുവാൻ അനുവദിക്കുക.
- ഉയർന്ന ജനസാന്ദ്രത, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, ഉയർന്ന തൊഴിൽ ചെലവ് എന്നിവ കാരണം സംസ്ഥാനം അടിസ്ഥാന സൗകര്യ വികസനത്തിൽ വിഭവ ദൗർലഭ്യതയും ബുദ്ധിമുട്ടും നേരിടുന്നുണ്ട്. അതിനാൽ, റോഡുകൾ, റെയിൽവേ, മെട്രോ, തുറമുഖങ്ങൾ എന്നിവയുൾപ്പെടെയുള്ള ഗതാഗത അടിസ്ഥാന സൗകര്യ വികസനത്തിനും നഗര അടിസ്ഥാന സൗകര്യ പദ്ധതികൾക്കുമുള്ള കേന്ദ്ര ധനസഹായം വർദ്ധിപ്പിക്കുക.

- സിൽവർലൈൻ പദ്ധതിയ്ക്ക് അനുമതി നൽകുക.
- കേരളം ദീർഘകാലമായി ആവശ്യപ്പെടുന്ന AIIMS സ്ഥാപിക്കുക, കണ്ണൂരിൽ ആയുർവേദത്തിനായി അന്തർദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളുടെ സർവ്വേയ്ക്കും വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അടിയന്തിര കേന്ദ്ര സഹായം അനുവദിക്കുക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി റബ്ബറിന്റെ താങ്ങുവിലയായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള 180 രൂപയിൽ നിന്നും 250 രൂപയായി ഉയർത്തുന്നതിനാവശ്യമായ കേന്ദ്ര സഹായം നൽകുക, സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യമുള്ള കൈത്തറി, കശുവണ്ടി, കയർ, ഹാന്റ്‌ലൂം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾക്ക് പ്രത്യേക കേന്ദ്ര സഹായം നൽകുക.
- 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ "ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിനു കീഴിൽ വരുന്ന ഭക്ഷ്യധാന്യങ്ങളുടെ അന്തർ സംസ്ഥാന ഗതാഗതത്തിനും ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിനും സംസ്ഥാന ഏജൻസികൾക്ക് നൽകുന്ന സഹായത്തിന് കേന്ദ്രസർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ വർദ്ധിപ്പിക്കുക.
- 15 വർഷത്തിലധികം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ പൊളിച്ചു മാറ്റണമെന്നാണ് കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് നയം വ്യവസ്ഥ ചെയ്യുന്നത്. ഈ നയം മൂലം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലുള്ള ധാരാളം വാഹനങ്ങൾ പൊളിച്ചുമാറ്റേണ്ടതായുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിനു മാത്രമായി 220 ഓളം വാഹനങ്ങളും, ആരോഗ്യ സേവന വകുപ്പിനു മാത്രമായി ആംബുലൻസുകളുൾപ്പെടെ 800 ഓളം വാഹനങ്ങളും ഉപേക്ഷിക്കേണ്ടതായി വരും. ഇതുപോലെ പോലീസ് വകുപ്പിനും ധാരാളം വാഹനങ്ങൾ ഉപേക്ഷിക്കേണ്ടി വരും. അതിനാൽ ഈ പദ്ധതി പ്രകാരം ഉപേക്ഷിക്കേണ്ടതായി വരുന്ന വാഹങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുവാൻ കേന്ദ്ര സഹായം അനുവദിക്കുക.
- ചരക്കു സേവന നികുതി വരുമാനം പങ്കിടുന്നതിലെ നിലവിലെ സംസ്ഥാന കേന്ദ്ര അനുപാതം 50:50 എന്നതിൽനിന്നും സംസ്ഥാനങ്ങൾക്ക് അനുകൂലമായ 60:40 അനുപാതത്തിലേക്കാക്കുക.
- കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സുകളും സർചാർജുകളും സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകാറില്ല. ഇവ രണ്ടും കേന്ദ്ര നികുതിയുടെ ഡിവിസിബിൾ പൂളിലായിരുന്നുവെങ്കിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന കേന്ദ്ര നികുതി വിഹിതത്തിൽ വർദ്ധനവുണ്ടാകുമായിരുന്നു. അതിനാൽ സെസ്സുകളും സർചാർജ്ജുകളും അടിച്ചേൽപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ രീതിയിൽ മാറ്റം വരുത്തുക.